# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 846 — 09/8/2017 -ലെ മറുപടി

## കാളിപ്പാറ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.ആൻസലൻ | | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | നെയ്യാറ്റിൻകര ഠൗൺ എൻ.എച്ച് റോഡിൽ കാളിപ്പാറ പദ്ധതി പ്രകാരം പൈപ്പ് സ്ഥാപിക്കുന്നതിന്റെ നടപടികൾ പൂർത്തിയായോ; | (എ) & (ബി) | നെയ്യാറ്റിൻകര ഠൗണിൽ 700 മി.മീ. വ്യാസമുള്ള ഡക്റ്റൈൽ അയൺ പൈപ്പുകൾ സ്ഥാപിക്കുന്നതിന് അനുമതിക്കായി അപേക്ഷകൾ സമർപ്പിച്ചിരുന്നെങ്കിലും എൻ.എച്ച് അധികാരികളിൽ നിന്നും ഇതുവരെയും അനുവാദം ലഭിച്ചിട്ടില്ല. ടി അനുമതിയും ആശുപത്രി ജങ്ഷനിലെ റെയിൽവേ ക്രോസിങ് അനുമതിയും ലഭ്യമാവുകയും, പണ്ടാരക്കോണം, പൂഴിക്കുന്ന്, പൊൻവിള എന്നിവിടങ്ങളിൽ നിർമ്മിക്കേണ്ട ഘടകങ്ങൾക്കാവശ്യമായ സ്ഥലവും ലഭ്യമാവുകയും ചെയ്താൽ മാത്രമേ പദ്ധതി പൂർണ്ണമായി കമ്മീഷൻ ചെയ്യാൻ സാധിക്കുകയുള്ളൂ. |
| (ബി) | ഈ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ; | | |
| (സി) | കാളിപ്പാറ പദ്ധതി ഏത് വർഷത്തിൽ ആണ് ആരംഭിച്ചതെന്നും ഈ പദ്ധതി പൂർത്തീകരിക്കുന്നതിന് ഉണ്ടാകുന്ന കാലതാമസം എന്തു കൊണ്ടാണെന്നും വ്യക്തമാക്കാമോ? | (സി) | കേന്ദ്രസർക്കാരിന്റെ ത്വരിത ഗ്രാമീണ പദ്ധതിയിൽ ഉൾപ്പെടുത്തി ഒറ്റശേഖരമംഗലം ഘട്ടം 1-ഉം 2-ഉം 2002-ൽ ഭരണാനുമതി നൽകുകയും, 2003-ൽ പദ്ധതിയുടെ പ്രാരംഭ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്ത് ശുദ്ധജലവിതരണം നടത്തി വരുന്നു. നെയ്യാറ്റിൻകര ആലുംമൂട് ജങ്ഷനിലെ എൻ.എച്ച്. ക്രോസിങ് അനുമതിയും, ആശുപത്രി ജങ്ഷനിലെ റെയിൽവേ ക്രോസിങ് അനുമതിയും ലഭ്യമാകാത്തതും, പണ്ടാരക്കോണം, പൂഴിക്കുന്ന്, പൊൻവിള എന്നിവിടങ്ങളിൽ നിർമ്മിക്കേണ്ട ഘടകങ്ങൾക്കാവശ്യമായ സ്ഥലം ലഭ്യമാകാത്തതുമാണ് പദ്ധതി പൂർത്തീകരിക്കുന്നതിന് കാലതാമസമുണ്ടാകുന്നത്. |

സെക്ഷൻ ഓഫീസർ

JSK/